**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4751** **13-03-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂക്കട്ട് റെഗുലേറ്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിൽ വരുന്ന ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്ന പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിന് 2016-ൽ പര്യവേഷണ പ്രവൃത്തി നടത്തി, ഡിസൈൻ ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) യിലേയ്ക്ക് ഇൻഡന്റ് ചീഫ് എഞ്ചിനീയർ നൽകിയിരുന്നുവെങ്കിലും, നിലവിൽ വീണ്ടും പര്യവേഷണ പ്രവൃത്തി നടത്തി പുതിയ ഇൻഡന്റ് ലഭ്യമാക്കുവാൻ IDRB ആവശ്യപ്പെട്ടിരിക്കുകയാണ്. പര്യവേഷണ പ്രവൃത്തി നടത്തുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ന്യൂ കട്ട് റെഗുലേറ്റർ കാര്യക്ഷമമല്ലാത്തതിനാൽ കുടിക്കുന്നതിനും കാർഷിക ആവശ്യത്തിനുമായി ഉപയോഗിക്കുന്ന ജലം കടലിലേക്ക് ഒഴുകിപ്പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ന്യൂ കട്ട് റെഗുലേറ്റർ കാര്യക്ഷമമല്ലാത്തതിനാൽ, കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതിനായി മരപ്പലക ഉപയോഗിച്ച് മണ്ണിട്ട് നിറച്ച് കുറഞ്ഞ അളവിൽ മാത്രമാണ് നിലവിൽ ജലസംഭരണം സാധ്യമാകുന്നത്. അതിന് സംഭരണശേഷി കുറവാണെന്നതിനാൽ കൃഷിക്കുപയോഗിക്കാവുന്ന ജലം വലിയൊരളവിൽ കടലിലേക്ക് ഒഴുകിപ്പോകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. |
| (സി) | ന്യൂ കട്ട് റെഗുലേറ്റർ കാര്യക്ഷമമല്ലാത്തതിനാൽ കടലിൽ നിന്നും ഉപ്പുവെള്ളം ഈ പുഴ വഴി പ്രദേശത്തെ പാഠശേഖരങ്ങളിലേക്ക് വന്ന് കൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ന്യൂകട്ടിനോടനുബന്ധിച്ചുള്ള ഓൾഡ് കട്ട് വഴി പല സന്ദർഭങ്ങളിലും ഉപ്പുവെള്ളം കയറുന്നതായും, കാർഷിക പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം മൈനർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ നിർമ്മിച്ചുവരുന്ന VCB യുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഓൾഡ്കട്ട് വഴി ഉപ്പുവെള്ളം കയറുന്നത് തടയാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആറും, ഡിസൈനും, പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ഡി) | ഇല്ല. പുതിയ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തീരുമാനിച്ചതിനു ശേഷം മാത്രമേ DPR തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി എന്നേക്ക് ആരംഭിക്കാൻ ആകും എന്ന് | (ഇ) | പുതിയ പര്യവേഷണ പ്രവൃത്തി നടത്തുന്നതിനു നടപടി സ്വീകരിച്ചു വരികയാണ്. പര്യവേഷണ പ്രവൃത്തി |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കി DPR തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നല്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ